LIBRARY ARCHIVES Kerala Legislative Assembly

പുതുക്കാട് മണ്ഡലത്തിലെ ചൊക്കന കാരിക്കടവ് റോഡ് നിർമ്മാണം

293 (295) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ചൊക്കന കാരിക്കടവ് റോഡ് നിർമ്മാണത്തിന് വനം വകുപ്പിന്റെ ക്ലിയറൻസ് ലഭിക്കണം എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനായി സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ക്ലിയറൻസ് എന്ന് നൽകാനാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചൊക്കന കാരിക്കടവ് റോഡ് നിർമ്മാണത്തിന് വനം വകുപ്പിന്റെ ക്ലിയറൻസ് ലഭ്യമാക്കുന്നതിലേക്കായി യൂസർ ഏജൻസിയായ മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയോടൊപ്പം ജി.പി.എസ്. റീഡിംഗ് ഇല്ലാതിരുന്നതിനാൽ ആയത് സമർപ്പിക്കുവാൻ യൂസർ ഏജൻസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുവാദം ലഭ്യമാകുന്ന മുറയ്ക്ക് ക്ലിയറൻസ് നൽകുന്നതാണ്.

പിള്ളത്തോട് ചെക്ക് ഡാം കുടിവെള്ള പദ്ധതി

294 (296) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ പിള്ളത്തോട് ചെക്ക് ഡാം കുടിവെള്ള പദ്ധതി നിർമ്മിക്കണമെന്നാവശ്യപ്പെട്ടതനുസരിച്ച് വനമേഖലയിലെ സ്ഥലം വിട്ട് കിട്ടണം എന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) മലയോര മേഖലയിൽ താമസിക്കുന്ന പാവപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കുടിവെള്ളം എത്തിക്കുക എന്ന പ്രാധാന്യം കണക്കിലാക്കി കൊടകര ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ട സ്ഥലം വിട്ട് കിട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പുളക്കാട് മണ്ഡലത്തിൽ പിള്ളത്തോട് ചെക്ക് ഡാം കടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ചാലക്കുടി വനം ഡിവിഷനിലെ പാലപ്പിള്ളി റെയ്ഞ്ചിൽ നിന്ന് 0.2 ഹെക്ടർ വനഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് യൂസർ ഏജൻസിയായ കൊടകര ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറിൽ നിന്ന് 1980-ലെ വനസംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷ ലഭ്യമായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പിള്ളത്തോട് ചെക്ക് ഡാം നിർമ്മാണത്തിനായി 0.2 ഹെക്ടർ സ്ഥലം 11-3-2014-ലെ സ.ഉ.(സാ) നമ്പർ 114/2014/വനം പ്രകാരം വിട്ടുകൊടുത്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

നെല്ലിയാമ്പതി കരുണ എസ്റ്റേറ്റ്

295 (297) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് പോക്കുവരവ് ചെയ്യ നൽകുന്നതിന് വനം വകുപ്പ് എൻ.ഒ.സി. നൽകിയിട്ടുണ്ടോ ; ഈ എൻ.ഒ.സി. പിന്നീട് ക്യാൻസൽ ചെയ്തിട്ടുണ്ടോ ; നിലവിലെ സ്ഥിതി എന്താണെന്നറിയിക്കുമോ ;

(ബി) ഇപ്രകാരം എൻ.ഒ.സി. നൽകിയത് നിയമാനുസൃതമാണോ എന്ന് വനം വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തായിരുന്നുവെന്നറിയിക്കുമോ ;

(സി) കരുണാ എസ്റ്റേറ്റിന് നിയമാനുസൃതമായ പ്രമാണം ഇല്ലെന്നും അവർ കൈവശം വച്ചിരിക്കുന്നത് വനഭൂമിയാണെന്നും കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ സി.സി.എഫ്., സർക്കാരിനെ എപ്പോഴെങ്കിലും അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്മേൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) കോഴിക്കോട് അഡീഷണൽ പ്രിൻസിപ്പൽ സി.സി.എഫ്. സർക്കാരിനെ അറിയിച്ച വിവരം മുൻ നെന്മാറ ഡി.എഫ്.ഒ. സർക്കാരിനെ

LIBRARY ARCHIVES Kerala Legislative Assembly